# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 480** — **12.06.2012 ൽ മറുപടിയ്ക്ക്**

## സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ വായ്പ, സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്കായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച സഹകരണ റിസ്ക് ഫണ്ടിന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) 01.04.2008 മുതൽ നിലവിൽ വന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം വായ്പ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള മുതൽ തുകയും അതിന്റെ പലിശയും ധനസഹായമായി നൽകും. റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിൽ സർക്കാറിന്റെ 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തുകയും ആനുകൂല്യ തുക ഒരു ലക്ഷം രൂപയിൽ നിന്നും ഒന്നര ലക്ഷം രൂപയായി ഉയർത്തുകയും മരണപ്പെടുന്ന വായ്പക്കാർക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം വായ്പ എടുത്തശേഷം ക്യാൻസർ, എയ്ഡ്സ്, പക്ഷാപാതം വന്ന് ശരീരം തളർന്നവർ, കിഡ്നി സംബന്ധമായ രോഗങ്ങൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നീ മാരക രോഗങ്ങൾ പിടിപെട്ട് വായ്പ ബാധ്യതകൾ തീരാതെ വരുന്ന വായ്പക്കാർക്ക് ലഭ്യമാക്കാൻ ഉത്തരവായി. ഇപ്രകാരം അസുഖം ബാധിച്ചവരുടെ വായ്പ മുതൽ ഇനത്തിലുള്ള 75,000/- രൂപയും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതിത്തള്ളുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വായ്പ എടുത്ത ആൾ മരണപ്പെട്ടതിനെ തുടർന്ന് എത്ര രൂപയുടെ ബാധ്യതകൾ എഴുതിത്തള്ളി എന്ന് വ്യക്തമാക്കുമോ; | (ബി) | റിസ്ക് ഫണ്ട് പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാറിന്റെ കാലയളവിൽ 858 വായ്പക്കാരുടെ 4.21 കോടി രൂപയുടെ വായ്പ ബാദ്ധ്യതകൾ എഴുതിത്തള്ളുകയുണ്ടായി. |
| (സി) | ഇതിനകം എത്ര സംഘങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; എല്ലാ സഹകരണ വായ്പ സംഘങ്ങളിലും പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇതിനകം 2097 വായ്പ സഹകരണ സംഘങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ വായ്പ സഹകരണ സംഘങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കഴിഞ്ഞ സർക്കാർ സഹകരണ റിസ്ക് ഫണ്ടിന്റെ നടത്തിപ്പിനായി എന്തു തുക നൽകിയെന്നും ഈ സർക്കാർ ഈ പദ്ധതിക്കായി ഇതുവരെ എന്തു തുക നൽകിയെന്നും 2012-2013 സാമ്പത്തിക വർഷത്തിൽ സഹകരണ റിസ്ക് ഫണ്ട് പദ്ധതിയ്ക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ഡി) | റിസ്ക് ഫണ്ട് പദ്ധതി നടത്തിപ്പിലേയ്ക്കായി വായ്പക്കാരിൽ നിന്നും ഒരു നിശ്ചിത തുക പ്രീമിയമായി ഈടാക്കി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ടി ഫണ്ടിലേയ്ക്ക് സർക്കാറിന് ഗ്രാന്റ്, സംഭാവന ഇനത്തിൽ തുക നൽകാവുന്നതാണ്. കഴിഞ്ഞ സർക്കാർ സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്ന ഫണ്ടിലേയ്ക്ക് 2.67 കോടി രൂപ നൽകിയിട്ടുണ്ട്. 2011-12 വർഷം 22 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി നൽകി എങ്കിലും, മതിയായ തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഇല്ലാതിരുന്നതിനാൽ, ടി തുക 2012-13 സാമ്പത്തിക വർഷത്തിൽ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ